## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2494** **12.02.2020-ൽ മറുപടിക്ക്**

## വായ്പാക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്ന നടപടികൾ

**ചോദ്യം** **മറുപടി**

**ശ്രീ.പി.സി. ജോർജ്** **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വായ്പാക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ; | (എ) | സഹകരണ നിയമ പ്രകാരമുള്ള ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികളും, സംസ്ഥാന സഹകരണ ബാങ്ക്, അർബൻ ബാങ്കുകൾ എന്നിവ സർഫാസി നിയമപ്രകാരമുള്ള നടപടികളും വായ്പക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിക്കുന്നുണ്ട്.<br><br>ഇതിന് പുറമെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ കുടിശ്ശിക നിവാരണ പദ്ധതികൾ പ്രകാരം വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ട്. നിലവിൽ കുടിശ്ശിക തീർപ്പാക്കുന്നതിനായി "നവകേരളീയം കുടിശ്ശിക നിവാരണം 2020" എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>സഹകരണ സംഘങ്ങളുടെ വായ്പ കുടിശ്ശിക കുറയ്ക്കുക, വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുക, സഹകാരികൾക്ക് അവരുടെ കടബാദ്ധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് സംസ്ഥാനത്ത് സഹകരണ മേഖലയിൽ "നവകേരളീയം കുടിശ്ശിക നിവാരണം 2020" പദ്ധതി നടപ്പിലാക്കി വരുന്നത്.<br><br>2020 ജനുവരി 1 മുതൽ ഫെബ്രുവരി 29 വരെയാണ് ടി പദ്ധതിയുടെ കാലാവധി. 2019 ഡിസംബർ 31 വരെ കുടിശ്ശികയായ |

| | | | |
|---|---|---|---|
| | | | വായ്പകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>മരണപ്പെട്ടവർ, മാരക രോഗങ്ങൾ ബാധിച്ചവർ എന്നിവരുടെ വായ്പകൾ ഉൾപ്പെടെ ഓരോ വായ്പക്കാരന്റെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകി കുടിശ്ശിക വായ്പാ തീർപ്പാക്കാവുന്നതാണ്. |
| (ബി) | കുടിശ്ശിക വരുത്തിയ വായ്പക്കാർക്കെതിരെ കേസ് നടപടികൾ ആരംഭിക്കുന്നതിന് സർക്കാർ സഹകരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | The Securitisation and Reconstruction of Financial Assests and Enforcement of Securities Act, 2002 (SARFAESI ACT) പ്രാബല്യത്തിൽ വരികയും സഹകരണ ബാങ്കുകളെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ട് വരികയും ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടി നിയമം സഹകരണ ബാങ്കുകൾക്ക് ബാധകമാക്കി കൊണ്ട് 29/08/2003 തീയതിയിലെ 50/2003 നമ്പർ സർക്കുലർ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ വകുപ്പിന് കീഴിൽ RBI ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്ക്, അർബൻ ബാങ്കുകൾ എന്നിവയാണ് സർഫേസി നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നത്.<br><br>ഇതിന് പുറമെ 1969 ലെ കേരള സഹകരണ സംഘം നിയമത്തിൽ, 2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം (ആക്ട് 8/2013) പ്രകാരം വകുപ്പ് 69(4) ൽ വരുത്തിയ ഭേദഗതി അനുസരിച്ച് എല്ലാ ധനപരമായ തർക്കങ്ങളും ടി നിയമത്തിലെ മൂന്നാം ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള സമയപരിധിക്കുള്ളിൽ ഫയൽ ചെയ്തിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ഭേദഗതി നിലവിൽ വന്നപ്പോൾ അതിനോടകം സമയപരിധി കഴിഞ്ഞു പോയ ധനപരമായ തർക്കങ്ങൾ ഫയൽ ചെയ്യാൻ കഴിയാതിരുന്ന സംഘങ്ങൾക്ക് അവ ഫയൽ ചെയ്യുന്നതിനാണ് 31/03/2020 വരെ അനുമതി നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഇത്തരം നടപടി കാർഷികവായ്പ എടുത്തിട്ടുള്ള കർഷകരെയടക്കം കൂടുതൽ ദുരിതത്തിലാഴ്ത്തുമെന്നതിനാൽ ഈ നടപടി നിർത്തിവയ്ക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31.07.2018 മുതൽ 31.03.2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്തിട്ടുള്ള കർഷകർ ഉൾപ്പെടെയുള്ള കുടിശ്ശിക വായ്പക്കാർക്ക് വിവിധ ഇളവുകളോടെ വായ്പ തീർപ്പാക്കുന്നതിന് സംസ്ഥാനത്ത് സഹകരണ മേഖലയിൽ "നവകേരളീയം കുടിശ്ശിക നിവാരണം 2020" എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിൽ പങ്കെടുത്ത് കർഷകർ ഉൾപ്പെടെയുള്ള സഹകാരികൾക്ക് വിവിധ ഇളവുകളോടെ വായ്പ കണക്ക് അവസാനിപ്പിക്കാൻ അവസരം ലഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**